ആഗസ്റ്റ് 10, 2006

## പ്രകൃതി ദുരന്ത പ്രദേശങ്ങളിൽ ഇടപാടുകൾ തുടരുന്നതിനായി ബാങ്കുകൾ കൈകൊള്ളേണ്ട നടപടികൾ

പ്രകൃതി ദുരന്ത ബാധിത പ്രദേശങ്ങളിൽ പെട്ടെന്ന് എല്ലാ ബാങ്കിങ്ങ് സേവനങ്ങളും പുന:സ്ഥാപിക്കുന്നതിനായി ഭാരതീയ റിസർവ് ബാങ്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നിർദ്ദേശങ്ങളിൽ ഉപഭോക്താക്കൾക്ക് തുടർന്നും ബാങ്ക് അക്കൗണ്ടുകൾ ഉപയോഗപ്പെടുത്താനുള്ള സൗകര്യവും സർക്കാറും ഇതര ഏജൻസികളും നൽകുന്ന സഹായധനം ലഭിക്കുന്നതിനായി പുതിയ അക്കൗണ്ടുകൾ തുറക്കാനുള്ള സൗകര്യവുമുൾപ്പെടുന്നു. ഈ നിർദ്ദേശങ്ങളിൽ ചെക്ക് ക്ലിയറിങ്ങ്, പണം നൽകൽ എന്നീ സേവനങ്ങൾ തുടരുവാൻ ബാങ്കുകൾ കൈകൊള്ളേണ്ട നടപടികളും ഉൾപ്പെടുന്നു.

ദുരന്ത ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിനായി നിലവിലുള്ള നിർദ്ദേശങ്ങൾക്കു പുറമെ ഈ പ്രദേശങ്ങളിൽ ബാങ്കിങ്ങ് സേവനങ്ങളുടെ പുന:സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റ് അനവധി വിഷയങ്ങളെ പറ്റി പഠിക്കാൻ നിയോഗിക്കപ്പെട്ട ആഭ്യന്തര പ്രവർത്തനഗ്രൂപ്പിന്റെ നിർദ്ദേശങ്ങളനുസരിച്ചാണ് ഈ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത്. 2005 ഒക്ടോബറിൽ 2005-06 ലെ ഇടക്കാല നയത്തിൽ അറിയിച്ചത് പ്രകാരം ആണ് റിസർവ് ബാങ്ക് ആഭ്യന്തര പ്രവർത്തനഗ്രൂപ്പിനെ നിയോഗിച്ചത്.

റിസർവ് ബാങ്ക് നിർദ്ദേശപ്രകാരം, പ്രകൃതി ദുരന്തം മൂലം ദുരിത ബാധിത പ്രദേശങ്ങളിലെ ബാങ്ക് ശാഖകൾക്ക് റിസർവ് ബാങ്കിന്റെ ഉപദേശപ്രകാരം താത്ക്കാലിക ഇടങ്ങളിൽ പ്രവർത്തിക്കാം.

ദുരിത ബാധിതപ്രദേശങ്ങൾക്ക് ബാങ്കിങ്ങ് സേവനങ്ങൾ ലഭ്യമാക്കുവാൻ ബാങ്കുകൾ സാറ്റലൈറ്റ് ഓഫീസുകൾ, എക്സ്ടെൻഷൻ കൗണ്ടറുകൾ, മൊബൈൽ ബാങ്കിങ്ങ് സേവനങ്ങൾ എന്നിവ ഏർപ്പെടുത്തണം. സ്ഥിര നിക്ഷേപങ്ങൾ മുതലായ അക്കൗണ്ടുകൾ ഉപയോഗിക്കാനുള്ള സൗകര്യത്തിന്മേൽ ഏർപ്പെടുത്തിയിരിക്കുന്ന പിഴകൾ നിർത്തിവെച്ച് ഉപഭോക്താവിന്റെ ധനാവശ്യങ്ങൾ തൃപ്തിപ്പെടുത്തുകയും വേണം. എ.ടി.എം കളുടെ പ്രവർത്തനം എത്രയും പെട്ടെന്ന് പുന:സ്ഥാപിക്കുകയോ ഈ സൗകര്യത്തിന് ഇതര ക്രമീകരണങ്ങൾ നടത്തുകയോ ചെയ്യുന്നതിന് ആവശ്യമായ പ്രാധാന്യം നൽകണം. ഉപഭോക്താക്കൾക്ക് മറ്റ് എ.ടി.എം നെറ്റ് വർക്കുകളിലൂടെയും മൊബൈൽ എ.ടി.എം കൾ വഴിയും അക്കൗണ്ടുകൾ ഉപയോഗിക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുന്നതിനെക്കുറിച്ചു ബാങ്കുകൾ ചിന്തിക്കേണ്ടിയിരിക്കുന്നു. കറൻസി ചെസ്റ്റ് സൗകര്യങ്ങൾ തകിടം മറിഞ്ഞ ഇടങ്ങളിലെ ധനാവശ്യം കൈകാര്യം ചെയ്യാൻ കറൻസി ചെസ്റ്റ് ബാലൻസിന്റെ ഭാഗമായി കണക്കാക്കപ്പെടുന്ന ക്യാഷ് റിപ്പോസിറ്ററികൾ താത്കാലിക കാലയളവിലേക്ക് തുറക്കുവാൻ ബാങ്കുകൾക്ക് അനുമതിയുണ്ട്.

ധനസഹായം നൽകുമ്പോൾ ബാങ്കുകൾക്ക് നിലവിലുള്ള ഉപഭോക്താക്കൾക്ക് 10,000/- രൂപ വരെയുള്ള ഉപഭോക്തൃലോണുകൾ ഈടില്ലാതെ നൽകുകയും മറ്റ് അർഹതയുള്ള വായ്പ എടുക്കുന്നവർക്ക് ഉത്പാദനപ്രവർത്തനങ്ങൾ പുന:രാരംഭിക്കുന്നതിനായി ധനസഹായം നൽകാവുന്നതും ദുരന്തത്തിന്റെ തീവ്രതയും ആവർത്തനവും കണക്കിലെടുത്തുകൊണ്ട് പുന:ഘടിപ്പിച്ച വായ്പകളുടെ തിരിച്ചടവിന്റെ കാലാവധി ഒരു വർഷത്തെ മൊറോട്ടോറിയത്തോടെ 7 മുതൽ 10 വർഷം വരെയാക്കുകയും ചെയ്യാവുന്നതാണ്.

ഗുജറാത്ത്, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര എന്നീ മൂന്ന് സംസ്ഥാനങ്ങളിലുണ്ടായ വെള്ളപ്പൊക്കത്തിന്റെ സാഹചര്യത്തിൽ റിസർവ് ബാങ്ക് സംസ്ഥാനതല ബാങ്കർമാരുടെ കമ്മിറ്റിയോട് പ്രത്യേക എസ്.എൽ.ബി.സി മീറ്റിങ്ങുകൾ ഉടനെ നടത്തി ദുരന്തബാധിതർക്ക് വേണ്ട ആശ്വാസനടപടികൾ വിലയിരുത്താൻ പറഞ്ഞിട്ടുണ്ട്.

അല്പനാ കിലാവാല

ചീഫ് ജനറൽ മാനേജർ

പത്രപ്രസ്താവന:2006-2007/207